**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3125** **04-08-2021 - ൽ മറുപടിയ്ക്ക്**

**കൊടകര കുഴൽപ്പണ കവർച്ച കേസിലെ കുറ്റപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കുകയുണ്ടായോ; | (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ പ്രത്യേക അന്വേഷണ സംഘം കേസിലെ 22 പ്രതികൾക്കെതിരെ ബഹു. ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് . |
| (ബി) | കവർച്ച ചെയ്യപ്പെട്ട പണം ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാനാദ്ധ്യക്ഷൻ നിർദ്ദേശിച്ചതു പ്രകാരം തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നതിനായി കൊണ്ടുവന്ന കുഴൽപ്പണമാണെന്ന് കുറ്റപത്രത്തിൽ പറഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നതിന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ അറിവോടെയും പാർട്ടിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എം.ഗണേഷ്, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടു പോയിരുന്നത് എന്ന് കുറ്റപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും, സമാന രീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ, മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നു വരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഒരു രാഷ്ട്രീയ പാർട്ടിക്കു വേണ്ടി കുഴൽപ്പണമെത്തിയത് തടയുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ